**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2846** **06-10-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലും ഭരണ നിയന്ത്രണത്തിലുമുള്ള ചങ്ങനാശ്ശേരി ഗ്രൂപ്പ് തൃക്കൊടിത്താനം ദേവസ്വത്തിൽ ജില്ലാപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ടേക്ക് എ ബ്രേക്ക് 'എന്ന പദ്ധതി ആരംഭിക്കുകയും ആയത് 2025-26 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ട് നമ്പർ 653/26 ആയി ഉൾപ്പെടുത്തി പ്രവർത്തികൾ പുരോഗമിച്ചുവരികയുമാണ്. LSGD യുടെ മേൽനോട്ടത്തിൽ ജില്ലാപഞ്ചായത്ത് നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടത്തിൽ രണ്ട് നിലകളാണുള്ളത്. താഴത്തെ നിലയിൽ നാല് മുറികളും ആറ് ടോയ് ലറ്റുകളും രണ്ടാമത്തെ നിലയിൽ ഒരു ഡോർമിറ്ററിയും ആറ് ടോയ് ലറ്റുകളുമാണുള്ളത്.<br><br>82,40,000/- രൂപ വകയിരിത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ 85% ഓളം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച ശേഷം ടി കെട്ടിടം ദേവസ്വം ബോർഡിന് കൈമാറണമെന്ന് ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ